## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3348 23.06.2014-ൽ മറുപടിക്ക്

### സ്റ്റേറ്റ് സിവിൽ സർവ്വീസ് ബോർഡ് രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;<br><br>(ബി) ബോർഡിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; ഏതു കാറ്റഗറി വരെയുള്ള ഉദ്യോഗസ്ഥരെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത് ; | (എ) യും (ബി) യും | സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ശ്രീ. റ്റി.എസ്. ആർ.സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 82/2011, WP(C)No. 234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31.10.2013-ൽ പുറപ്പെടുവിച്ച പൊതു വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 05.05.2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 107/2014/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ജീവനക്കാർക്കുവേണ്ടി സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

| | |
|---|---|
| (സി) നിലവിൽ വിരമിക്കൽ പ്രായം, പെൻഷൻ തുടങ്ങിയവ സംബന്ധിച്ച് വ്യത്യസ്തമായ രീതികൾ പല വകുപ്പുകളിലും നില നിൽക്കെ, സ്റ്റേറ്റ് സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചാൽ പ്രസ്തുത വിഷയ ങ്ങളിൽ ഏകീകരണം ഉണ്ടാകുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) വിരമിക്കൽ പ്രായം, പെൻഷൻ തുടങ്ങിയ കാര്യങ്ങൾ സിവിൽ സർവ്വീസ് ബോർഡിന്റെ പരിധിയിൽ വരുന്നില്ല. |

സെക്ഷൻ ഓഫീസർ